


# Palakkad Police Action


www.facebook.com/palakkadpolice
www.twitter.com/DpcPalakkad


## *2 കിലോ ഗ്രാം കഞ്ചാവുമായി എറണാകുളം തമ്മനം സ്വദേശി പിടിയിൽ*

രണ്ട് കിലോ ഗ്രാം കഞ്ചാവുമായി എറണാകുളം സ്വദേശിയെ മീനാക്ഷിപുരം ബസ് സ്റ്റാൻഡിൽ വെച്ച് പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. എറണാകുളം തമ്മനം സ്വദേശി പ്രിജോയ് വർഗ്ഗീസ് വഃ 34, S\O വർഗ്ഗീസ്, തൈപറമ്പിൽ വീട്,തമ്മനം എന്നയാളെയാണ് മീനാക്ഷിപുരം അതിർത്തിയിൽ നിന്നും കസ്റ്റഡിയിലെടുത്തത്. പ്രതി പ്രിജോയ്ക്ക് എറണാകുളം ജില്ലയിൽ കൊലപാതക ശ്രമം,കഞ്ചാവ് കേസുകളും പാലക്കാട് ജില്ലയിൽ കഞ്ചാവ് കടത്തിയതിന് എക്സൈസ് കേസും നിലവിലുണ്ട്.

സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തെത്തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.



# കഞ്ചാവുമായി എറണാകുളം സ്വദേശി അറസ്റ്റിൽ

പാലക്കാട് • മീനാക്ഷിപുരത്തു നിന്നു രണ്ടു കിലോ കഞ്ചാവുമായി എറണാകുളം തമ്മനം സ്വദേശി പ്രിജോയ് വർഗീസിനെ (34) പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. ഇയാൾക്കെതിരെ എറണാകുളത്ത് കൊലപാതകശ്രമമടക്കമുള്ള കേസുകളുണ്ടെന്നും ഇതര സംസ്ഥാന തൊഴിലാളികൾ, സ്കൂൾ - കോളജ് വിദ്യാർഥികൾ എന്നിവർക്കാണ് ഇയാൾ കഞ്ചാവു വിൽക്കുന്നതെന്നും പൊലീസ് പറഞ്ഞു.

മീനാക്ഷിപുരം സബ് ഇൻസ്പെക്ടർ കെ.ആദം ഖാൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എസ്ഐ എസ്. ജലീൽ, ടി.ആർ.സുനിൽ കുമാർ, റഹിം മുത്തു, സി.വിജയാനന്ദ്, ആർ.കിഷോർ, ആർ.രാജീദ്, എസ്.വിനീഷ്, എസ്.ഷമീർ, കെ.സാജിദ് എന്നിവരടങ്ങിയ സംഘമാണു പ്രതിയെ പിടികൂടിയത്.

പ്രിജോയ് വർഗീസ്

നർകോട്ടിക് സെൽ DySP ബാബു K തോമസിൻെറ നേതൃത്വത്തിലായിരുന്നു പരിശോധന. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ ഒരു ലക്ഷം രൂപയോളം വില വരും. എറണാകുളം ജില്ല കേന്ദ്രീകരിച്ച് അന്യസംസ്ഥാന തൊഴിലാളികൾ , സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എന്നിവർക്ക് വിൽപ്പന നടത്താൻ കൊണ്ടുവന്നതാണ് എന്ന് പ്രതിയെ ചോദ്യം ചെയ്തതിൽ നിന്നും വ്യക്തമായി

മീനാക്ഷിപുരം സബ്ബ് ഇൻസ്പെക്ടർ ആദം ഖാൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ SI. S. ജലീൽ, T.R. സുനിൽ കുമാർ, റഹിം മുത്തു, C. വിജയാനന്ദ്, R. കിഷോർ, രാജീദ്. R, വിനീഷ്, S. ഷമീർ, സാജിദ്, മുഹമ്മദ് ഷനോസ്, പീയൂഷ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

........................................................................................................................................